# പത്ര വാർത്ത

## കേരളത്തിൽ 10 ജില്ലകളിൽ 45 പിന്നിട്ടവരുടെ വിവരശേഖരണത്തിന് കേന്ദ്രസർക്കാർ

തിരുവനന്തപുരം: 45 വയസ്സിന് മുകളിലുള്ളവരുടെ വിവരശേഖരണത്തിനൊരുങ്ങി കേന്ദ്രസർക്കാർ. തിരഞ്ഞെടുക്കപ്പെടുന്ന താലൂക്കുകളിൽ അടുത്ത 25 വർഷവും ഈ ~~[illegible]~~ വിവരശേഖരണം തുടരും. ലാസി എന്നറിയപ്പെടുന്ന ഈ സർവ്വേയിലൂടെ ആരോഗ്യ, സാമൂഹിക, സാമ്പത്തിക വിവരങ്ങൾ വിശദമായി ശേഖരിക്കുകയാണ് ലക്ഷ്യം.

കേരളത്തിൽ 10 ജില്ലകളിലെ 16 താലൂക്കുകളിലായി നടക്കുന്ന സർവേയുടെ ആദ്യഘട്ട ജോലികൾ തുടങ്ങി. രണ്ട് ഘട്ടങ്ങളിലായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും സർവേ നടത്തും.

കേന്ദ്ര ആരോഗ്യ-കുടുംബ ക്ഷേമ മന്ത്രാലയമാണ് വിവരശേഖരണം നടത്തുന്നത്. കേന്ദ്ര ആരോഗ്യവകുപ്പിന്റെ ധനസഹായത്തോടെ കേരള സർവ്വകലാശാലയിൽ പ്രവർത്തിക്കുന്ന പോപ്പുലേഷൻ റിസർച്ച് സെന്ററിനാണ് കേരളത്തിന്റെയും ലക്ഷദ്വീപിന്റെയും ചുമതല. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പോപ്പുലേഷൻ സയൻസസ് ആണ് നോഡൽ ഏജൻസി.

കേരളത്തിൽ സുൽത്താൻബത്തേരി, വടകര, കൊയിലാണ്ടി, കോഴിക്കോട്, ഏറനാട്, നിലമ്പൂർ, ഒറ്റപ്പാലം, തലപ്പിള്ളി, കുന്നത്തുനാട്, കൊച്ചി, ഉടുമ്പൻചോല, തിരുവല്ല, കോഴഞ്ചേരി, കൊല്ലം, ചിറയിൻകീഴ്, തിരുവനന്തപുരം താലൂക്കുകളിൽ നിന്നാണ് വിവരശേഖരണം. ഇവിടത്തെ 80 വില്ലേജുകളിൽ ഒരു പ്രദേശത്ത് നിന്ന് നിശ്ചിത എണ്ണം വീടുകളാകും തിരഞ്ഞെടുക്കുക. രണ്ടു വർഷത്തെ ഇടവേളയിൽ 25 വർഷത്തേക്ക് ഈ വീടുകളിൽ സന്ദർശിച്ച് അഭിമുഖം നടത്തും.

താലൂക്കിലെ വീടുകളുടെ എണ്ണം, സ്ത്രീസാക്ഷരതാ നിരക്ക്, എസ്.സി/എസ്.ടി. ജനസംഖ്യ, കാർഷികേതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന പുരുഷൻമാരുടെ അനുപാതം എന്നിവയുടെ അടിസ്ഥാനത്തിലാണ് താലൂക്കുകൾ തിരഞ്ഞെടുത്തത്. നിലവിലുള്ള ക്ഷേമപദ്ധതികളുടെ അവലോകനത്തിനും പുതിയ നയരൂപീകരണത്തിനും ശേഖരിക്കപ്പെടുന്ന വിവരങ്ങൾ ഉപകരിക്കുമെന്നാണ് കണക്കാക്കുന്നത്. വാർദ്ധക്യ കാലഘട്ടത്തിൽ അലട്ടുന്ന അസുഖങ്ങൾ, വയോജനങ്ങൾ ഇടപെടുന്ന ജോലികൾ, ഓരോ വീടിന്റെയും സാമ്പത്തികാവസ്ഥ, രോഗനിർണയം, ആരോഗ്യ ഇൻഷ്വറൻസ്, കുടുംബവുമായും സമൂഹവുമായുമുള്ള ഇടപെടൽ, റിട്ടയർമെന്റ്, പെൻഷൻ, ജീവിതച്ചെലവുകൾ തുടങ്ങി വിശദമായ വിവരശേഖരണമാണ് നടത്തുന്നത്.

ആദ്യപടിയായി വീടുകൾക്ക് നമ്പറിടും. തിരഞ്ഞെടുക്കപ്പെടുന്ന വില്ലേജിന്റെ സ്ഥാനം ജി.പി.എസ് ഉപയോഗിച്ച് രേഖപ്പെടുത്തും. ഓരോ താലൂക്കിലും നഗരങ്ങളും ഗ്രാമങ്ങളും ഉൾപ്പെടെ അഞ്ച് വില്ലേജുകളിലാണ് മാപ്പിങ്ങും ലിസ്റ്റിങ്ങും നടത്തുന്നത്. വൻതോതിൽ മുതൽമുടക്ക് വരുന്ന ഇത്തരത്തിലൊരു വിവരശേഖരണം രാജ്യത്ത് തന്നെ ആദ്യമായാണ്.

കാര്യവട്ടം
19.12.16

UNIVERSITY OF KERALA ★ POPULATION RESEARCH CENTRE ★ Kariavattom P.O. Thiruvananthapuram 695581

DIRECTOR
POPULATION RESEARCH CENTRE
DEPARTMENT OF DEMOGRAPHY
UNIVERSITY OF KERALA, KARIAVATTOM
THIRUVANANTHAPURAM - 695 581